പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.3336 24.02.2016-ൽ മറുപടിയ്ക്ക്

## 35-ാം നാഷണൽ ഗെയിംസ്

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.റ്റി.യു.കുരുവിള | | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) | കേരളത്തിൽ നടന്ന 35-ാം നാഷണൽ ഗെയിംസ് വൻ വിജയമാക്കുന്നതിന് നടത്തിയ പ്രവർത്തനങ്ങൾ വ്യക്തമാക്കുമോ ; | (എ) കേരളത്തിലെ 7 ജില്ലകളിലായി നടന്ന 35-ാം ദേശീയ ഗെയിംസിന്റെ വിജയകരമായ നടത്തിപ്പിനായി വിപുലമായ രീതിയിലുള്ള ആസൂത്രണവും മുന്നൊരുക്കങ്ങളുമാണ് നടത്തിയിരുന്നത് ഇതിനു പുറമെ ദേശീയ ഗെയിംസ് ഓർഗനൈസിംഗ് കമ്മിറ്റിയും, പ്രത്യേക ചുമതലകൾ നൽകി കൊണ്ടുള്ള 22 സബ്ബ് കമ്മിറ്റികളും, ജില്ലാതല പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പാക്കുന്നതിന് 7 ജില്ലാതല സംഘാടക കമ്മിറ്റികളും രൂപീകരിച്ചിരുന്നു. കൂടാതെ ദേശീയ ഗെയിംസ് നടത്തിപ്പിനാവശ്യമായ കായിക ഉപകരണങ്ങൾ വാങ്ങുന്നതിനും, വിവിധ സേവനങ്ങൾ നിയമാനുസൃതമായി ലഭ്യമാക്കുന്നതിനുമായി പർച്ചേസ് കമ്മിറ്റിയും രൂപീകരിച്ചിരുന്നു. ബഹു.മുഖ്യമന്ത്രി ചെയർമാനായുള്ള ദേശീയ ഗെയിംസ് സെക്രട്ടേറിയറ്റിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി ദേശീയ ഗെയിംസിന്റെ തയ്യാറെടുപ്പ് സംബന്ധിച്ച് യഥാസമയം യോഗം ചേർന്ന് വിലയിരുത്തുകയും, ഗെയിംസ് സുഗമമായി നടത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും യുക്തമായ തീരുമാനങ്ങളും കൈക്കൊള്ളുകയും ചെയ് തിട്ടുണ്ട്. ഗെയിംസിന്റെ വേദികളായി നിശ്ചയിക്കപ്പെട്ട സ്റ്റേഡിയങ്ങളുടെ നിർമ്മാണ /നവീകരണ പ്രവർത്തനങ്ങളും താൽക്കാലിക നിർമ്മിതികളും ഗെയിംസ് തുടങ്ങുന്നതിന് മുമ്പായി തന്നെ പൂർത്തീകരിക്കുകയും മത്സരങ്ങൾ നടത്തുന്നതിനായി വേദികൾ പൂർണ്ണമായും സജ്ജീകരിക്കുകയും ചെയ്തു. മത്സരങ്ങൾക്കാവശ്യമായ കായിക ഉപകരണങ്ങൾ അതാത് വേദികളിൽ മത്സരങ്ങൾ ആരംഭിക്കുന്നതിനു മുമ്പായി |

തന്നെ ലഭ്യമാക്കുന്നതിന് വേണ്ട ഏർപ്പാടുകൾ ദേശീയ ഗെയിംസ് സെക്രട്ടറിയേറ്റ് നടത്തിയിരുന്നു. കായിക താരങ്ങൾക്കും ഒഫീഷ്യൽസിനും താമസിക്കുന്നതിനായി തിരുവനന്തപുരത്ത് വിപുലമായ രീതിയിൽ ഗെയിംസ് വില്ലേജ് ഉണ്ടാക്കുകയും മറ്റ് ജില്ലകളിൽ ഹോട്ടൽ മുറികൾ മുൻകൂറായി ബുക്ക് ചെയ്യുകയും ചെയ്തിരുന്നു. ഇവർക്ക് വേദികളിലേക്കും താമസസ്ഥലത്തേക്കും തടസ്സമില്ലാതെ യാത്ര ചെയ്യുന്നതിനായി വാഹന സൗകര്യം ഏർപ്പെടുത്തുകയുമുണ്ടായി. കായിക താരങ്ങൾക്കും ഒഫീഷ്യൽസിനും നല്ല രീതിയിൽ വൈവിദ്ധ്യമാർന്ന ഭക്ഷണം നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി. 7 ജില്ലകളിലെ വിവിധ വേദികളിലായി നടത്തിയ ദേശീയ ഗെയിംസ് മത്സരയിനങ്ങൾ തടസ്സം കൂടാതെയും പരാതിയ്ക്കിടവരാതെയും നടത്തുന്നതിനായും പൊതുജന പങ്കാളിത്തം ഉറപ്പു വരുത്തുന്നതിനുമുള്ള നടപടിയും സ്വീകരിച്ചു. മത്സരങ്ങൾ സമയക്രമമനുസരിച്ച് നിശ്ചയിക്കപ്പെട്ട പ്രകാരം നടത്തുന്നതിനായി ടെക്നിക്കൽ ഒഫീഷ്യൽസിന്റെയും ഇതുമായി ബന്ധപ്പെട്ട വിദഗ്ദ്ധരുടെയും സേവനം മുൻകൂട്ടി ഉറപ്പു വരുത്തുകയുണ്ടായി. 35-ാമത് ദേശീയ ഗെയിംസിനോടനുബന്ധിച്ച് കേരള ടീമിന്റെ തെരഞ്ഞെടുപ്പ്, കോച്ചിംഗ് ക്യാമ്പ്, പങ്കെടുക്കൽ എന്നിവ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിലാണ് സംഘടിപ്പിച്ചത്. പരിശീലന ക്യാമ്പിലേയ്ക്ക് ആവശ്യമായ കായിക ഉപകരണങ്ങൾ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ നൽകുകയുണ്ടായി. ക്യാമ്പുകൾ സംഘടിപ്പിയ്ക്കുന്നതിന് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിലെ വിദഗ്ധ പരിശീലകർക്കു പുറമെ, സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യ, പോലീസ്, എക്സൈസ്, റെയിൽവേ, കെ.എസ്.ഇ.ബി., പോർട്ട് ട്രസ്റ്റ് തുടങ്ങിയ സ്ഥാപനങ്ങളിലെ പരിശീലകരുടെയും സേവനവും വിനിയോഗിയ്ക്കുകയുണ്ടായി.

35-ാം ദേശീയ ഗെയിംസിൽ കേരളം ചരിത്ര നേട്ടമായ 162 മെഡലുകൾ കരസ്ഥമാക്കുകയും, സംസ്ഥാന ങ്ങളുടെ തലത്തിൽ ഒന്നാം സ്ഥാനവും, ഓവറോളിൽ രണ്ടാം സ്ഥാനവും കരസ്ഥമാക്കുകയുണ്ടായി. ഗെയിം

| | | | |
|---|---|---|---|
| | | | സിന്റെ വിജയത്തിനായി നടത്തിയ പ്രവർത്തനങ്ങൾ കാര്യക്ഷമമായിരുന്നു എന്നതിന്റെ തെളിവാണ് ഗെയിംസിന്റെ വൻ വിജയവും അഭൂതപൂർവമായ ജനപങ്കാളിത്തവും ബഹു.പ്രസിഡന്റ്, പ്രധാനമന്ത്രി, ഇന്ത്യൻ ഒളിമ്പിക് അസോസിയേഷൻ അടക്കമുള്ളവരുടെ ഭാഗത്തുനിന്നുമുണ്ടായ അഭിനന്ദനപ്രവാഹവും. |
| (ബി) | കൂടുതൽ ദേശീയ അന്തർദേശീയ കായിക മത്സരങ്ങൾ സംസ്ഥാനത്ത നടത്തുന്നതിന് നടപടികൾ ഉണ്ടാകുമോ ; | (ബി) | ദേശീയ ഗെയിംസിലൂടെ കൈവരിച്ച അടിസ്ഥാനസൗകര്യങ്ങൾ ഉപയോഗപ്പെടുത്തി ദേശീയ അന്തർദേശീയ കായികമത്സരങ്ങൾ നടത്തുന്നതിന് സംസ്ഥാനം സജ്ജമാണ്. |
| (സി) | നാഷണൽ ഗെയിംസ് നടത്തിയതിലൂടെ എത്ര സ്റ്റേഡിയങ്ങളും മറ്റും മുതൽകൂട്ടായി എന്ന വ്യക്തമാക്കുമോ ; | (സി) | വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ഡി) | കേരളത്തിന്റെ കായിക പ്രതിഭകൾക്ക് മികച്ച പരിശീലനം ലഭിക്കുന്നതിന് നവീകരിക്കപ്പെട്ടതും പുതുതായി നിർമ്മിച്ചതുമായ സ്റ്റേഡിയങ്ങൾ വിട്ടുനൽകുന്നതിന് നടപടി ഉണ്ടാകുമോ ? | (ഡി) | ദേശീയ ഗെയിംസിനായി നവീകരിച്ചതും പുതുതായി നിർമ്മിച്ചതുമായ സ്റ്റേഡിയങ്ങളുടെ പരിപാലനത്തിനും മേൽനോട്ടത്തിനുമുള്ള ചുമതല കായികയുവജനകാര്യാലയം, കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ, വിവിധ സർക്കാർ സ്ഥാപനങ്ങൾ/ ഏജൻസികൾ എന്നിവയിൽ നിക്ഷിപ്തമാക്കിയിട്ടുണ്ട്.<br>കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ ചുമതലയുള്ള താഴെ പറയുന്ന സ്റ്റേഡിയങ്ങളിലും നീന്തൽക്കുളത്തിലും കായിക താരങ്ങൾക്ക് പരിശീലനം നൽകി വരുന്നു.<br>1. ഇൻഡോർ സ്റ്റേഡിയം മുണ്ടയാട്, കണ്ണൂർ<br>2. ഡോ. അംബേദ്കർ നീന്തൽക്കുളം പിരപ്പൻകോട്, തിരുവനന്തപുരം<br>3. വി.കെ.കെ. മേനോൻ ഇൻഡോർ സ്റ്റേഡിയം, കോഴിക്കോട്<br>4. ഹോക്കി സ്റ്റേഡിയം, ആലപ്പുഴ |

Mary M

സെക്ഷൻ ഓഫീസർ

അനുബന്ധം

**35-ാമത് ദേശീയ ഗെയിംസിനായി തികച്ചും പുതിയതായി നിർമ്മിച്ച സ്റ്റേഡിയങ്ങൾ**

| ക്രമ നം | പേര് |
|---|---|
| 1 | ഗ്രീൻഫീൽഡ് സ്റ്റേഡിയം, കാര്യവട്ടം, തിരുവനന്തപുരം |
| 2 | ടെന്നീസ് കോംപ്ലക്സ്, കുമാരപുരം, തിരുവനന്തപുരം |
| 3 | സ്കോഷ് കോർട്ട്, ചന്ദ്രശേഖരൻ നായർ സ്റ്റേഡിയം, പാളയം, തിരുവനന്തപുരം |
| 4 | ഷൂട്ടിംങ് റേഞ്ച്, വട്ടിയൂർക്കാവ്, തിരുവനന്തപുരം |
| 5 | ട്രാപ് ആന്റ് സ്കീറ്റ് ഔട്ട്ഡോർ ഷൂട്ടിംഗ് റേഞ്ച്, പോലീസ് അക്കാഡമി തൃശ്ശൂർ |
| 6 | ന്യൂ ഹോക്കി സ്റ്റേഡിയം, കൊല്ലം |
| 7 | ലോൺ ബൗൾ കോർട്ട്, കൊച്ചി, എറണാകുളം |
| 8 | ന്യൂ ഫുട്ബോൾ സ്റ്റേഡിയം, മെഡിക്കൽ കോളേജ് ഗ്രൗണ്ട്, കോഴിക്കോട് |
| 9 | ഇൻഡോർ സ്റ്റേഡിയം, മുണ്ടയാട്, കണ്ണൂർ |

**35-ാമത് ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട് അധിക സൗകര്യങ്ങൾ ഏർപ്പെടുത്തിയതും നവീകരിച്ചതുമായ സ്റ്റേഡിയങ്ങൾ**

| ക്രമ നം | പേര് |
|---|---|
| 1 | പിരപ്പൻകോട് നീന്തൽക്കുളം, തിരുവനന്തപുരം |
| 2 | യൂണിവേഴ്സിറ്റി സ്റ്റേഡിയം, തിരുവനന്തപുരം |
| 3 | ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയം, തിരുവനന്തപുരം |
| 4 | ശ്രീപാദം സ്റ്റേഡിയം, ആറ്റിങ്ങൽ, തിരുവനന്തപുരം |
| 5 | കാർഷിക കോളേജ് ഇൻഡോർ ഹാൾ, വെള്ളായണി, തിരുവനന്തപുരം |
| 6 | ജി.വി. രാജ ഇൻഡോർ സ്റ്റേഡിയം, ശംഖുമുഖം, തിരുവനന്തപുരം |
| 7 | ചന്ദ്രശേഖരൻ നായർ സ്റ്റേഡിയം, തിരുവനന്തപുരം |
| 8 | എൽ.എൻ.സി.പി.ഇ. വെലോഡ്രോം, കാര്യവട്ടം |
| 9 | കോർപ്പറേഷൻ സ്റ്റേഡിയം, കൊല്ലം |
| 10 | രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയം, കൊച്ചി, എറണാകുളം |
| 11 | കോർപ്പറേഷൻ സ്റ്റേഡിയം, തൃശ്ശൂർ |
| 12 | വി.കെ.എൻ. മേനോൻ ഇൻഡോർ സ്റ്റേഡിയം, തൃശ്ശൂർ |
| 13 | ഇൻഡോർ സ്റ്റേഡിയം, തൃപ്രയാർ, തൃശ്ശൂർ |
| 14 | വി.കെ.കെ. മേനോൻ ഇൻഡോർ സ്റ്റേഡിയം, കോഴിക്കോട് |
| 15 | കോർപ്പറേഷൻ സ്റ്റേഡിയം കോഴിക്കോട് |
| 16 | തിരുവനന്തപുരം ടെന്നീസ് ക്ലബ്ബിലെ പരിശീലന കോർട്ടുകൾ |
| 17 | കേരള വാട്ടർ അതോറിറ്റി സ്വിമ്മിംഗ് പൂൾ വെള്ളയമ്പലം, തിരുവനന്തപുരം |

Manoj M
സെക്ഷൻ ഓഫീസർ